Part. 2

പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4194

21.07.2015 ലെ മറുപടിയ്ക്ക്

**കാർഷിക മേഖലയിലെ തൊഴിലാളികളുടെ കൂലിയും കാർഷികോല്പന്നങ്ങൾക്ക് ലഭിക്കുന്ന വിലയും**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.മോയിൻ കുട്ടി<br>ശ്രീ. പി.ഉബൈദുള്ള<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. റ്റി.എ.അഹമ്മദ് കബീർ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിലെ തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ കൂലി നൽകുന്ന സംസ്ഥാനം കേരളമാണെന്ന കേന്ദ്ര തൊഴിൽ ബ്യൂറോയുടെ കണക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഏറ്റവും കൂടിയ കൂലി നൽകുന്നതിൽ രണ്ടാം സ്ഥാനത്തുള്ള കാശ്മീരിനേക്കാൾ അറുപത്തഞ്ചുശതമാനവും, തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാടിനേക്കാൾ അറുപതുശതമാനവും അധികം കൂലി നൽകുന്ന കേരളസംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് ലഭിക്കുന്ന വിലയുമായി താരതമ്യപ്പെടുത്തി കർഷകർക്കുണ്ടാകുന്ന നഷ്ടത്തിന്റെ തോത് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; | (ബി) | ഏറ്റവും ഉയർന്ന കൂലി നൽകുന്ന സംസ്ഥാനമെന്ന നിലയിൽ കാർഷികോല്പന്നങ്ങൾക്ക് ലഭിക്കുന്ന വിലയുമായി താരതമ്യപ്പെടുത്തി കർഷകർക്കുണ്ടാകുന്ന നഷ്ടത്തിന്റെ തോത് എത്രയാണെന്ന് കണക്കാക്കിയിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ അത് കണക്കാക്കാനും, കർഷകർക്കുള്ള ആനുകൂല്യങ്ങളും, സംഭരണവിലയും വർദ്ധിപ്പിച്ച് കൃഷി ചെറിയതോതിലെങ്കിലും ആദായകരമായ നിലവാരത്തിലെത്തിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | വില കുറയുന്ന അവസരങ്ങളിൽ പ്രധാന ഉല്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിച്ച് സംഭരണം നടത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**